ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇലക്ട്രിക്കലൈൻ വലിക്കുമ്പോൾ വെട്ടി നശിപ്പിക്കപ്പെടുന്ന ഫലവൃക്ഷങ്ങൾക്ക് പ്രതിവർഷം കിട്ടുന്ന ആദായത്തിന്റെ അടിസ്ഥാനത്തിലും മറ്റു വൃക്ഷങ്ങൾക്ക് തടികൾക്ക് പ്രതീക്ഷിക്കാവുന്ന വിലയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് പ്രതിഫലം നിശ്ചയിക്കുന്നത്.

(ബി) പ്രതിഫലം വാങ്ങിക്കേണ്ട അവകാശികൾ ആരൊക്കെയാണെന്നു തീരുമാനിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ട് 1957 ഏപ്രിലിനുശേഷം ഏഴായിരം രൂപവരെ പ്രതിഫലം കൊടുത്തുതീർക്കാനുണ്ട്.

(സി) പരാതിയുള്ളതായി കാണുന്നില്ല.

ശ്രീ. സി. എ. മാത്യു : പ്രതിഫലം നിശ്ചയിക്കുമ്പോൾ ഫലവൃക്ഷങ്ങൾ എല്ലാം കണക്കെടുക്കാതിരിക്കുകയും എടുത്തിട്ടുള്ള വൃക്ഷങ്ങൾക്ക് ശരിയായ തുക നിശ്ചയിക്കാതിരിക്കുകയും നിശ്ചയിച്ച തുക കൊടുക്കാതെ കാലതാമസപ്പെടുത്തുകയും മറ്റും ചെയ്തു പുരയിടമുടമസ്ഥന്മാർക്ക് ബുദ്ധിമുട്ടുകളും വിഷമതകളും ഉണ്ടാക്കുന്നതു തടയാൻ ഗവൺമെന്റിൽനിന്നും അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ശ്രീ. സി. അച്യുതമേനോൻ : അവകാശികളെ കണ്ടുപിടിക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടും അവകാശികൾ അവകാശം തെളിയിക്കാത്തതുകൊണ്ടുമാണ് കാലതാമസമുണ്ടാകുന്നത്. അതു പരിഹരിക്കാൻ നോക്കാം.

ശ്രീ. സി. എ. മാത്യു : ഏതു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനാണ് ഇതിന്റെ ചുമതല ?

ശ്രീ. സി. അച്യുതമേനോൻ : ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ലാൻഡ് അക്വിസിഷൻ ഓഫീസർക്കാണ് അതിന്റെ ചുമതല.

പോലീസ് പുനഃസംഘടനാകമ്മിറ്റിയോഗങ്ങൾ.

*1546. [5] ശ്രീ പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. സി. ചാറ്റർജി ചെയർമാനായുള്ള കേരളപോലീസ് പുനഃസംഘടനാകമ്മിറ്റി എത്ര യോഗങ്ങൾ കൂടിയിട്ടുണ്ട്; എവിടെയെല്ലാം;

(ബി) ആ കമ്മിറ്റിക്കുവേണ്ടി ഇതിനകം എത്ര തുക ചെലവായിട്ടുണ്ട് ;

(സി) ഏതെല്ലാം വിഭാഗങ്ങളിൽനിന്നും തെളിവെടുത്തിട്ടുണ്ട് ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) തിരുവനന്തപുരത്തുവച്ചും ഡൽഹിയിൽവച്ചും രണ്ടു യോഗങ്ങൾ കൂടിയിട്ടുണ്ട്.

(ബി) 16,119 രൂപ ചെലവായിട്ടുണ്ട്

(സി) കമ്മിറ്റിയുടെ ചോദ്യാവലി കേന്ദ്രത്തിലെയും സ്റ്റേറ്റിലെയും മന്ത്രിമാർക്കും എം. പി. മാർക്കും രാഷ്ട്രീയപാർട്ടികളുടെ നേതാക്കന്മാർക്കും അസംബ്ലിമെമ്പറന്മാർക്കും ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്കും അയച്ചു കൊടുത്തിട്ടുണ്ട്. ഡൽഹിയിൽവച്ചുമാത്രമാണു തെളിവു നേരിട്ടു തെളിവുകൾ സ്വീകരിച്ചിട്ടുള്ളത്. അവിടെവച്ച് പഴയ ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരുടേയും സുപ്രീംകോടതിയിലെ അഭിഭാഷകന്മാരുടേയും പക്കൽ നിന്നുമാണ് തെളിവെടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : പതിനാറായിരം രൂപ ചെലവായിട്ടുണ്ടെന്നു പറഞ്ഞു. രണ്ടു യോഗങ്ങൾ കൂടിയെന്നും പറഞ്ഞു. ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിനു് ആകെ എത്ര ചെലവാകുമെന്നു പറയാൻ കഴിയുമോ ?

ശ്രീ. സി. അച്യുതമേനോൻ : ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

പോലീസു് വകുപ്പിൽനിന്നും ചാർജ്ജുചെയ്യുന്ന കേസ്സുകൾ.

*1547. [6] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ്വകുപ്പിൽനിന്നും ചാർജ്ജു് ചെയ്യുന്ന കേസ്സുകൾ ഹെഡ്കാൺസ്റ്റബിൾമാർ വാദിക്കുന്ന സമ്പ്രദായം ഇപ്പോഴും തുടർന്നു വരുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ പോലീസു് ചാർജ്ജുചെയ്യുന്ന കേസ്സുകൾ അധികമായും പരാജയപ്പെടുന്നതു് ഈ കാരണത്താലാണെന്നു് ഗവണ്മെൻറിനറിയാമോ ?

(സി) മൂവാറ്റുപുഴ സ്റ്റേഷനതിർത്തിയിൽ 1958-59-ൽ എത്ര കേസുകൾ പോലീസിൽനിന്നും ചാർജ്ജുചെയ്തു; എത്രയെണ്ണം വിധിയായി; അതിൽ ജയിച്ചതെത്ര ?

(ഡി) പാമ്പുകരയിൽ ചാർജ്ജുചെയ്യപ്പെട്ട ഒരു കേസ്സിലെ പ്രതികൾ കേസിൻറെ വിധിക്കുശേഷം സാക്ഷികളെ ദേഹോപദ്രവമേൽപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ ?

(ഇ) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ :)

(എ) ഉണ്ടു്. പോലീസു് ചാർജ്ജുചെയ്യാറുള്ള കേസുകൾക്കു് ചിലപ്പോൾ ഹെഡ്കാൺസ്റ്റബിൾമാർ വാദിക്കാറുണ്ടു്.

(ബി) ഈ അഭിപ്രായം ശരിയല്ല.

(സി) 89 കേസുകൾ ചാർജ്ജുചെയ്തു. 29 കേസുകൾ ശിക്ഷിക്കപ്പെട്ടു. 17 എണ്ണം വെറുതേവിട്ടു. 39 എണ്ണം ഒത്തുതീർപ്പിലവസാനിപ്പിച്ചു.

(ഡി) ഉണ്ടു്.

(ഇ) അതു സംബന്ധിച്ചു് കേസു് ചാർജ്ജുചെയ്തിട്ടുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പോലീസു് വാദിക്കുന്ന കേസുകൾ ഫലപ്രദമായി വാദിക്കുന്നില്ലെന്നറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : അറിവില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പോലീസു് ചാർജ്ജുചെയ്യുന്ന കേസുകളിൽ അധികവും പരാജയപ്പെടുന്നതായി പത്രത്തിൽ കാണുന്നതു ശരിയാണോ ?

ശ്രീ. സി. അച്യുതമേനോൻ : മൂവാറ്റുപുഴ സ്റ്റേഷനെ സംബന്ധിച്ചിടത്തോളമുള്ള ചോദ്യത്തിനുത്തരമാണു് കൊടുത്തിട്ടുള്ളതു്. അവിടെ ചാർജ്ജു് ചെയ്ത കേസുകളിലധികവും ശിക്ഷിക്കപ്പെട്ടിട്ടുള്ളതായിട്ടാണു് കണക്കുകളിൽ കാണുന്നതു്. ബഹുമാനപ്പെട്ട മെമ്പറുടെ നിഗമനത്തിനു വിരുദ്ധമായിട്ടാണു് കാണുന്നതു്.

ശ്രീ. പി. ടി. ചാക്കോ : ഹെഡ്കാൺസ്റ്റബിൾമാരിൽ പലരും ചില സർക്കാർവക്കീലന്മാരെക്കാൾ മെച്ചമായി കേസുവാദിക്കുന്നതായി മന്ത്രിക്കു ബോദ്ധ്യമായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly